# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *319 22.08.2017-ൽ മറുപടിക്ക്

## ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ സന്ദർശനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. പി.ടി.എ.റഹീം | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കൊല്ലപ്പെട്ട രാജേഷിന്റെയും മറ്റ് ആർ.എസ്.എസുകാരുടെയും വീട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സന്ദർശിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ വീടുകളാണ് സന്ദർശിക്കുന്നത്; കൊലചെയ്യപ്പെട്ട ആർ.എസ്.എസു കാരായിരുന്ന അനന്തു, നിർമ്മൽ എന്നീ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചോ എന്നറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ കൊല്ലപ്പെട്ട രാജേഷിന്റെ വീടും നഗരസഭാ കൗൺസിലർമാരായ എസ്.കെ.പി.രമേഷ്, ബീന, സിമി ജ്യോതിസ് ബി.ജെ.പി പ്രവർത്തകരായ സുനിൽ, കണ്ണൻ, പത്മദാസ്, അനിൽകുമാർ, കുമാരി, രാമചന്ദ്രൻ എന്നിവരുടെ വീടുകളും ദേശീയ മനുഷ്യാവകാശ കമ്മീഷൻ സന്ദർശിച്ചു. കൊലചെയ്യപ്പെട്ട ആർ.എസ്.എസ്-കാരായിരുന്ന അനന്തു, നിർമ്മൽ എന്നിവരുടെ വീടുകൾ സന്ദർശിച്ചതായ വിവരം ലഭിച്ചിട്ടില്ല. |
| (ബി) പശുവിന്റെ പേരിൽ വിവിധ സംസ്ഥാനങ്ങളിൽ നിരവധി ഇസ്ലാം മതവിശ്വാസികളും ദളിതരും കൊലചെയ്യപ്പെട്ട കേസുകളിലും ട്രെയിൻ യാത്രയ്ക്കിടയിൽ സ്കൂൾ വിദ്യാർത്ഥിയായ ജുനൈദിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലും ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) ഏതെങ്കിലും വിഭാഗത്തിന്റെ താത്പര്യസംരക്ഷരായി ഇത്തരം സ്ഥാപനങ്ങളെ മാറ്റരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ എന്നറിയിക്കാമോ ? | (സി) നിലവിൽ ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

4